പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6452 — 09.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൽ മിഷൻ 676

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) 'മിഷൻ 676' പദ്ധതി പ്രഖ്യാപനത്തിൽ വൈദ്യുതിയുല്പാദന വർദ്ധനയ്ക്കായി എന്തെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(എ) 'മിഷൻ 676' പദ്ധതി പ്രഖ്യാപനത്തിൽ വൈദ്യുതിയുല്പാദനവർദ്ധനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഘുലേഖ 'മിഷൻ 676' ൽ ഉള്ളത് **അനുബന്ധമായി ചേർത്തിട്ടുണ്ട്.**

കൂടാതെ ടി പദ്ധതിയുടെ ഭാഗമായി അനെർട്ട് മുഖേന ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, ചേർത്തല താലൂക്ക് ആശുപത്രി, മണ്ണുത്തി പന്നി വളർത്തൽ കേന്ദ്രം എന്നിവിടങ്ങളിലായി 74 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ളാൻറുകൾ 100 ദിവസത്തിനുള്ളിൽ പണി പൂർത്തിയാക്കാനും, 3600 റൂഫ് ടോപ്പ് സോളാർ പവർ പ്ളാൻറുകൾ (1 കിലോവാട്ട് വീതം ശേഷിയുള്ളവ), പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് ഇൻററാക്ടീവ് സോളാർ പവർ പ്ളാൻറ് എന്നിവയുടെ നിർമ്മാണം 200 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനും പദ്ധതിയുണ്ട്. ഈ പവർ പ്ളാൻറുകൾ കമ്മീഷൻ ചെയ്യുന്നതോടെ 5.674 മെഗാവാട്ടിൻെറ അധിക സ്ഥാപിതശേഷി കൈവരിക്കാൻ കഴിയുന്നതാണ്.

ഇ. എം. സി. മുഖേന 110.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ് നടത്തി BOOT അടിസ്ഥാനത്തിൽ സ്വതന്ത്രവും ക്യാപ്റ്റീവും ആയ സ്വകാര്യ സംരംഭങ്ങൾക്ക് 30 വർഷത്തേയ്ക്ക് നൽകുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ആയതിൽ വൈദ്യുതി ബോർഡിന്റെ ബാദ്ധ്യതകൾ തീർക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ ;

(ബി) & (സി) 'മിഷൻ 676' പദ്ധതി പ്രകാരം സർക്കാർ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളായ സമ്പൂർണ്ണ വൈദ്യുതീകരണം, പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുക, സോളാർ പവർ പ്ളാൻറ് മുതലായവ നേരിട്ടല്ലെങ്കിലും ബോർഡിൻെറ പുരോഗതിയെ ലക്ഷ്യമാക്കിയാണ് നടപ്പിലാക്കുന്നത്. ഇതിൻെറ

വിശദാംശങ്ങൾ (എ) പിരിവിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 'മിഷൻ 676' കാലഘട്ടത്തിൽ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതികൾ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം;

(ഡി) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതി നിരക്ക് കൂട്ടാതിരിക്കാൻ സ്ഥായിയായി എന്തെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ല.

(ഇ) 'മിഷൻ 676' പ്രഖ്യാപനത്തിൽ വൈദ്യുതി ബോർഡിലെ ധൂർത്ത് ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

(ഇ) വൈദ്യുതി ബോർഡിൽ ധൂർത്ത് ഉള്ളതായി ആരോപണം ആരും ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**